012863

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - നായിഡു സമുദായത്തെ സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (കൈ) നം.05/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 07.03.2019.

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 30.10.2018 തീയതിയിലെ കത്ത്.

**ഉത്തരവ്**

നായിഡു സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിക്കുകയും 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് I-ലെ ഷെഡ്യൂളിലെ ലിസ്റ്റ് III-ൽ ഇനം 49(B) ആയി 49(A) 'Nadar included in SIUC' -ക്ക് ശേഷമായി ഉൾപ്പെടുത്തണമെന്ന് പരാമർശ കത്തിനോടൊപ്പം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശുപാർശ അംഗീകരിച്ച് നായിഡു സമുദായത്തെ 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് I -ലെ ഷെഡ്യൂളിൽ ലിസ്റ്റ് III -ന്റ് പിന്നാക്ക വിഭാഗം ഇനം 49(B) ആയി 49(A) 'Nadar included in SIUC' -ക്ക് ശേഷം ചേർത്ത് സംവരണാനുകൂല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർക്ക്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും

(.....2)

Scanned by CamScanner